316730

**D 32316** **(Pages : 2)** **Name.......................................**

**Reg. No..................................**

## FIRST SEMESTER (CBCSS–UG) DEGREE EXAMINATION
## NOVEMBER 2022

Malayalam B.A./B.Sc.

MAL 1A 07 (1)—MALAYALA SAHITHYAM – I

(2019–2022 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25.

1 “കാർമുകിൽ വർണ്ണന്താനുള്ളിലെ ചിന്തിച്ചാൻ”–എന്താണ് ചിന്തിച്ചത് ?

2 കൃഷ്ണഗാഥയിൽ ഉപയോഗിച്ചിരിക്കുന്ന പ്രധാന അലങ്കാരങ്ങൾ ഏതെല്ലാം ?

3 പൂന്താനം നമ്പൂതിരിയുടെ പ്രധാനകൃതികൾ ഏതെല്ലാം ?

4 കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

5 മലയാള കവിതാ സാഹിത്യചരിത്രം ആരുടെ കൃതിയാണ് ?

6 വടക്കൻപാട്ടുകളിലെ പ്രധാന വിഭാഗങ്ങൾ ഏതെല്ലാം ?

7 “ബല്ലാരിക്കുടനെ ഞാൻ വരാം, ഒട്ടുവഴിയുണ്ടോ

വല്ലികൾക്കവിടേക്ക് വരാൻ പാടുണ്ടോ”

–ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?

8 കുഞ്ചുനായർ അമ്പാടി മനയ്ക്കലെ ആനക്കാരനായതെങ്ങനെ ?

9 ‘ഡബിൾ ആക്ട്’ എന്ന കഥയിലെ കഥാപാത്രങ്ങൾ ആരെല്ലാം ?

10 ‘നമ്മുടെ ആങ്ങള ചത്തതിനുശേഷം സുഖം തോന്നിയത് നിങ്ങളെ കണ്ടപ്പോഴാണ്’–സൂചിതമെന്ത് ?

11 ‘മക്കൾ അമ്മമാരുടെ ഉടമസ്ഥരാണ് എന്ന് ഏറ്റവും ഉറച്ച് വിശ്വസിക്കുന്നവരിൽ മുമ്പൻ’–ആര് ? സന്ദർഭമെന്ത് ?

12 ‘ഇന്നുമുതൽ നീ മൈഥിലി പരമാണിക് അല്ല മൈഥിലി ഗരാമി’–സന്ദർഭം വ്യക്തമാക്കുക.

13 ‘അങ്ങനെ സ്വപ്നവും കണ്ടു പെണ്ണ്–ആര് ? കണ്ട സ്വപ്നം എന്ത് ?

14 ‘പച്ചിരുമ്പിന്റെ ആ താഴ് പിടിച്ച് അമ്മ പറഞ്ഞു. എന്താണ് അമ്മ പറഞ്ഞത് ?

15 “പോക നാമെങ്കിൽ വനത്തിനു കൂടവേ

രാഘവൻ തന്നെ പിരിഞ്ഞാൽ പൊറുക്കുമോ ? സന്ദർഭം വിശദമാക്കുക.

(25 marks)

**Turn over**

316730

## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35.

16 മനുഷ്യന്റെ ധനാർത്തിയെ പൂന്താനം വിമർശനവിധേയമാക്കുന്നതെങ്ങനെ ?

17 “രാമനെ നിത്യം ദശരഥനെന്നുള്ളി-

ലാമോദമോടു നിരൂപിച്ചു കൊള്ളണം”

–ഈ വരികളുടെ പ്രാധാന്യം വിലയിരുത്തുക.

18 നാടൻപാട്ടിന്റെ സവിശേഷതകൾ എന്തെല്ലാം ?

19 ‘മറിയക്കുട്ടിയുടെ കത്ത്’ എന്ന കത്തുപാട്ടിന്റെ സാമൂഹിക പ്രസക്തി വിലയിരുത്തുക.

20 “നമ്മൾ മനുഷ്യരല്ലേ. മണ്ണു കൊണ്ടുണ്ടാക്കിയതല്ലല്ലോ” ഈ വാക്കുകളുടെ പൊരുളും പ്രസക്തിയും വിശദമാക്കുക.

21 ‘ആളുകളുടെ ഈ സംശയം കാരണം ഞാൻ നല്ലപോലൊരു ആത്മപരിശോധന നടത്തി നോക്കി’–ആര് ? സന്ദർഭം വ്യക്തമാക്കുക.

22 “ഒരുത്തിക്കും ഇമ്മാതിരി വിധി കൊടുക്കല്ലേ പടച്ചോനേ. ഈ സൂക്കേട് കൊടുക്കല്ലേ റബ്ബേ. ന്റെ മക്കളെ കാക്കണേ തമ്പുരാനേ”–ഈ വാക്കുകളിൽ നിഴലിക്കുന്ന മാനസിക സംഘർഷവും ധർമ്മസങ്കടവും വിവരിക്കുക.

23 “സംഘർഷഭരിതമായ സ്ത്രീമനസ്സിനെ ആവിഷ്കരിക്കുന്ന കഥയാണ് ഘരെ ബായ്രെ”–വിശദമാക്കുക.

(35 marks)

## Section C

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24 ചെറുശ്ശേരിക്കവിതയുടെ സവിശേഷതകൾ ‘കാളിയമർദ്ദനം’ എന്ന പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

25 “തീവ്രയാഥാർത്ഥ്യങ്ങളിലൂടെയുള്ള സഞ്ചാരങ്ങളാണ് പ്രമോദ് രാമന്റെ കഥകൾ”–തന്തത്താഴ് എന്ന കഥയെ ആസ്പദമാക്കി വിശദീകരിക്കുക.

26 “സ്ത്രീത്വത്തിന്റെ വ്യത്യസ്ത ഭാവങ്ങളെ അനാവരണം ചെയ്യുന്ന കഥയാണ് രാച്ചിയമ്മ”–ചർച്ച ചെയ്യുക.

27 വടക്കൻ പാട്ടുകളുടെ സവിശേഷതകൾ ഉണ്ണിയാർച്ച കൂത്തു കാണാൻ പോയ കഥയുടെ പശ്ചാത്തലത്തിൽ വിവരിക്കുക.

(2 × 10 = 20 marks)